# കേര കർഷക കൂട്ടായ്മകളും ഫെഡറേഷനുകളും സമരത്തിന്

## അടുത്ത മാസം 11നു ധർണ

കൊച്ചി ● നാളികേര ഉൽപാദക കമ്പനികളുടെ കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ കേര കർഷക കൂട്ടായ്മകളും ഫെഡറേഷനുകളും വിവിധ ആവശ്യങ്ങളുന്നയിച്ചു സമരത്തിനൊരുങ്ങുന്നു. നീരയുൽപാദനവും വിപണനവും പ്രോൽസാഹിപ്പിക്കാൻ കഴിഞ്ഞ ബജറ്റിൽ വകയിരുത്തിയ 15 കോടി രൂപ നഷ്ടപ്പെടുത്തിയ സർക്കാർ നടപടിയിൽ പ്രതിഷേധിച്ചാണു സമരം.

അടുത്ത മാസം 11നു ജില്ലാ ആസ്ഥാനങ്ങളിൽ ധർണ നടത്താനും ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ 18 മുതൽ സെക്രട്ടേറിയറ്റിനു മുന്നിൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കാനുമാണു തീരുമാനം.

പ്രോജക്ട് സമർപ്പിക്കുന്ന ക്രമത്തിൽ ഉൽപാദക കമ്പനികൾക്കു ഗ്രാന്റ് നൽകുക, കഴിഞ്ഞ വർഷത്തെ ബജറ്റിൽ നീക്കിവച്ച തുക ഉടൻ വിതരണം ചെയ്യുക, അപേക്ഷ നൽകിയ എല്ലാ ഫെഡറേഷനുകൾക്കും നീര ഉൽപാദനത്തിനു ലൈസൻസ് നൽകുക, നാളികേരവും കൊപ്രയും സംഭരിക്കാൻ റിവോൾവിങ് ഫണ്ട് നൽകുക, ഉൽപാദക കമ്പനികളും ഫാക്ടറികളും ആരംഭിക്കാൻ തരിശുഭൂമി നൽകുക തുടങ്ങിയ ആവശ്യങ്ങളാണു കൺസോർഷ്യം ഉന്നയിക്കുന്നത്. കോഴിക്കോട്ടു ചേർന്ന ഭാരവാഹികളുടെ യോഗത്തിൽ ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ അധ്യക്ഷനായിരുന്നു.